പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2892 18/08/2017 ൽ മറുപടിയ്ക്ക്

# സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിൽ എത്രഭാഗം ഇനിയും സർവ്വേ നടത്താനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 21,14,247 ഹെക്ടർ (779 വില്ലേജുകൾ) ഭൂപ്രദേശം റീസർവ്വേ നടത്താനുണ്ട്. |
| (ബി) സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ പുത്തൻ സാങ്കേതിക വിദ്യയും സ്വകാര്യ പങ്കാളിത്തവും വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് WGS 84 എന്ന സിസ്റ്റത്തിൽ സർവ്വേ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർവ്വേ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) സർവ്വേ റീസർവ്വേ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ